## ദൈവത്തിന്റെ രാജ്യം അന്വേഷിക്കുന്നത്—സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിലൂടെ

**I. പിതാവിന്റെ രാജ്യം ഇന്ന് സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം, ഇന്ന് സഭാജീവിതത്തിന്റെ യാഥാർഥ്യമാണ്, അത് വരാനിരിക്കുന്ന യുഗത്തിൽ സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയായിരിക്കും**

**ഭൂമിയിൽ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നത് മാമ്മോനെ സേവിക്കുന്നതും ദൈവത്തിന്റെ വ്യവസ്ഥയ്ക്ക് എതിരുമാണ്**

- “ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങളെ സ്വരൂപിക്കരുത്.... സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങളെ സ്വരൂപിക്കുവിൻ”—6:19, 20
  - നാം ഭൂമിയിൽ നമുക്കായി നിക്ഷേപങ്ങൾ ശേഖരിച്ചാൽ, നാം എപ്പോഴും ദൈവത്തെയല്ല, മാമ്മോനെയായിരിക്കും സേവിക്കുന്നത്
  - നിയന്ത്രക പ്രമാണം എന്നത്, ഭൂമിയിൽ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നത് ദൈവത്തിന്റെ വ്യവസ്ഥയ്ക്ക് എതിരാണെന്നും അവന്റെ കരുണയിലും കരുതലിലും ഒരുതരം അവിശ്വാസം പ്രകടിപ്പിക്കുന്നതാണെന്നുമാണ്

**ഹൃദയം എപ്പോഴും അതിന്റെ നിക്ഷേപത്തെ പിന്തുടരുന്നു**

- "നിന്റെ നിക്ഷേപം എവിടെ ആകുന്നുവോ, അവിടെ നിന്റെ ഹൃദയവും ഇരിക്കും"—വാ. 21
  - നമ്മുടെ ഹൃദയം എപ്പോഴും അതിന്റെ നിക്ഷേപത്തെ പിന്തുടരുന്നു

**മാമ്മോനിൽനിന്ന് നാം മോചിക്കപ്പെടണം**

- "രണ്ട് യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല, ഒന്നുകിൽ അവൻ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ അവൻ ഒരുവനെ പിടിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല"—വാ. 24
  - ദൈവത്തെ സേവിക്കുവാൻ നമ്മുടെ ഹൃദയം ഏകാഗ്രമായിരിക്കണം; നമുക്ക് ഒരേസമയം ദൈവത്തെയും മാമ്മോനെയും (സമ്പത്ത്) സേവിക്കുവാൻ കഴിയുകയില്ല
  - ദൈവത്തെ സേവിക്കുന്നതിനുള്ള നിബന്ധന മാമ്മോനിൽനിന്നുള്ള മോചനമാണ്

**മനുഷ്യ ജീവൻ വ്യാകുലതയുടെ ജീവനാണ്, എന്നാൽ ദിവ്യ ജീവനും പ്രകൃതവും വ്യാകുലതയില്ലാത്തതുമാണ്**

- “നിങ്ങളുടെ ജീവനായിട്ട് വിചാരപ്പെടരുത്.... ഇവയെല്ലാം ജാതികൾ വിചാരപ്പെട്ട് അന്വേഷിക്കുന്നു... നാളേക്കായി വിചാരപ്പെടരുത്”—മത്താ. 6:25, 32, 34
  - നമ്മുടെ മനുഷ്യ ജീവൻ വ്യാകുലതയുടെ ജീവനും വ്യാകുലതയാൽ സംരചിക്കപ്പെട്ടതുമാണ്
  - ദിവ്യ ജീവനിലും ദിവ്യ പ്രകൃതത്തിലും വ്യാകുലതയില്ല; ദൈവത്തിന്റെ ജീവൻ ആസ്വാദനത്തിന്റെയും വിശ്രമത്തിന്റെയും ആശ്വാസത്തിന്റെയും സംതൃപ്തിയുടെയും ജീവനാണ്
  - രാജ്യജനം ഒരിക്കലും നാളെയിൽ ജീവിക്കരുത്, എപ്പോഴും ഇന്നിൽ ജീവിക്കണം
  - നമ്മുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം, നമ്മെ പരിപാലിക്കാൻ സ്വർഗീയ പിതാവ് താൻതന്നെയുണ്ട്; നമ്മുടെ ഭൗതിക ആവശ്യങ്ങൾ പരിപാലിക്കവേ, തന്റെ മൂലകത്തെ അവൻ നമ്മിലേക്ക് പകരുന്നു, അങ്ങനെ നാം ദിവ്യപകർച്ച അനുഭവമാക്കുന്നു

## ദൈവത്തിന്റെ നീതി അന്വേഷിക്കുന്നത്—ക്രിസ്തുവിനെ ജീവിച്ചു വെളിപ്പെടുത്തുന്നതിലൂടെ

**II. പിതാവിന്റെ നീതി രാജ്യത്തിന്റെ പുതിയ പ്രമാണം പാലിക്കുന്നതിലൂടെ ആവിഷ്കരിക്കപ്പെടുന്ന നീതിയാണ് (മത്താ. 5:20); ഈ നീതി രാജ്യജനം ജീവിച്ചു വെളിപ്പെടുത്തുന്ന ക്രിസ്തുവാണ്**

**നീതിയുടെ നാല് പ്രധാന വശങ്ങൾ**

- നീതി എന്നത്
  - ദൈവത്തിന്റെ നീതിപരവും കർക്കശവുമായ ആവശ്യകതകൾക്കൊത്തവണ്ണം വ്യക്തികളോടും വസ്തുക്കളോടും കാര്യങ്ങളോടും നീതി പുലർത്തുന്നതാണ്
  - ജീവൻ നൽകുന്ന ആത്മാവായി നമ്മിൽ വസിക്കുന്ന ക്രിസ്തുവിന്റെ ബാഹ്യാവിഷ്കാരമാണ്
  - ദൈവരാജ്യത്തിന്റെ വിഷയമാണ്
  - നമ്മുടെ ആളത്തത്തിൽ ദൈവത്തോട് നേരുള്ളവരായിരിക്കുന്നതാണ്
- വിശ്വാസികൾക്ക് ക്രിസ്തു നീതിയായിരിക്കുന്നതിന് രണ്ട് വശങ്ങളുണ്ട്

**വസ്തുനിഷ്ഠമായ നീതി—നീതികരണത്തിന്/രക്ഷയ്ക്ക്**

  - ദൈവത്തോട് അനുതപിച്ച് ക്രിസ്തുവിൽ വിശ്വസിക്കുന്ന സമയത്ത് ദൈവമുമ്പാകെ വസ്തുനിഷ്ഠമായി നീതീകരിക്കപ്പെടുവാൻ ക്രിസ്തു വിശ്വാസികളുടെ നീതിയാണ്

**വ്യക്തിനിഷ്ഠമായ നീതി—ജയിക്കുന്നതിന്/പ്രതിഫലത്തിന്**

  - ദൈവത്തിന്റെ പ്രത്യക്ഷതയായി വിശ്വാസികളിൽനിന്ന് ജീവിച്ചു വെളിപ്പെടുന്ന അവരുടെ നീതിയാണ് ക്രിസ്തു, അത് അവർ ദൈവത്താൽ വ്യക്തിനിഷ്ഠമായി നീതീകരിക്കപ്പെടുവാൻ വിശ്വാസികൾക്ക് നൽകപ്പെട്ട ക്രിസ്തുവിലുള്ള നീതിയാണത്
  - ഈ രണ്ട് വശങ്ങളും ലൂക്കൊസ് 15:22-23-ൽ കാണുന്ന മേൽത്തരമായ മേലങ്കിയാലും തടിപ്പിച്ച കാളക്കുട്ടിയാലും മുൻകുറിക്കപ്പെടുന്നു

**നാം നീതി തന്നെയായി മാറുന്നു—പ്രതിഫലം നീതിയുടെ കിരീടം**

- "നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം നൽകും"—2 തിമൊ. 4:8
  - ഓട്ടം ജയകരമായി ഓടുന്നവന്, കർത്താവിന്റെ രക്ഷയ്ക്ക് പുറമേ മഹത്വത്തിന്റെ പ്രതീകമായ കിരീടവും, ഒരു സമ്മാനമായി നൽകപ്പെടുന്നു
  - കൃപയാലും വിശ്വാസത്താലുമുള്ള രക്ഷയിൽനിന്ന് വ്യത്യസ്തമായി, ഈ സമ്മാനം കൃപയാലുമല്ല വിശ്വാസത്താലുമല്ല, പിന്നെയോ പ്രവൃത്തിമുഖാന്തരമുള്ള നീതിയാലാണ്
  - കർത്താവിന്റെ കൃപയ്ക്കൊത്തവണ്ണമല്ല, പിന്നെയോ, അവന്റെ നീതിക്കൊത്തവണ്ണം വിശ്വാസികൾക്ക് ഇത്തരം പ്രതിഫലം നൽകപ്പെടും; അതിനാൽ, അത് നീതിയുടെ കിരീടമാണ്

**രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം—5:1—7:29:**

**രാജ്യജനത്തിന്റെ:**

**1. സ്വഭാവത്തെ സംബന്ധിച്ച്—5:1-12**

- നാം ആത്മാവിൽ ദരിദ്രരും, വിലപിക്കുന്നവരും, സൗമ്യതയുള്ളവരും, നീതിക്കായി വിശന്നു ദാഹിക്കുന്നവരും, കരുണയുള്ളവരും, ഹൃദയശുദ്ധിയുള്ളവരും, സമാധാനം ഉണ്ടാക്കുന്നവരും, നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവരും, കർത്താവിന്റെ നാമം നിമിത്തം നിന്ദയും ഉപദ്രവവും, കളവും ദൂഷണവും സഹിക്കുവാൻ സന്നദ്ധതയുള്ളവരും ആണോ എന്ന് പരിശോധിക്കുവാൻ, നാം നയിക്കുന്ന ദൈവ-മനുഷ്യ ജീവിതവുമായി ഈ വചന ഭാഗത്തെ നാം താരതമ്യം ചെയ്യണം.

**2. സ്വാധീനത്തെ സംബന്ധിച്ച്—5:13-16**

- നാം ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവും ആയിരിക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നു; ഉപ്പ് രുചിയില്ലാത്തതായി തീരരുത്, വെളിച്ചം പറയിൻ കീഴിൽ മറച്ചുവെക്കപ്പെടുകയും ചെയ്യരുത്

**3. പ്രമാണത്തെ സംബന്ധിച്ച്—5:17-48**

- കർത്താവ് ന്യായപ്രമാണത്തെ നിവർത്തിക്കുവാൻ വന്നു. ഈ നിവർത്തീകരണം എന്നത്, അവൻ തന്നെ നമ്മുടെ ഉള്ളിൽ എഴുതപ്പെട്ട ജീവന്റെ പ്രമാണമായി വരുന്നതിലൂടെയാണ്; അങ്ങനെ നമുക്ക് അവനെ ജീവിക്കുവാനും അതിലൂടെ ധാർമ്മികതയുടെ ഏറ്റവും ഉന്നതമായ നിലവാരമായ, അതിശയകരമായ നീതിയെ ജീവിച്ചു വെളിപ്പെടുത്തുവാനും സാധിക്കും

**4. നീതിപ്രവൃത്തികളെ സംബന്ധിച്ച്—6:1-18**

- നമ്മുടെ നീതി മനുഷ്യരുടെ മുമ്പാകെ പ്രദർശിപ്പിക്കരുത് എന്ന് ഈ ഭാഗം പ്രത്യേകം പരാമർശിക്കുന്നു. നമ്മുടെ ഭിക്ഷ കൊടുക്കലും പ്രാർത്ഥനകളും ഉപവാസവും എല്ലാം നാം രഹസ്യത്തിൽ ചെയ്യണം

**5. ഭൗതിക സമ്പത്തിനെ സംബന്ധിച്ച്—6:19-34**

- നാം ഭൂമിയിൽ നമുക്കായി നിക്ഷേപങ്ങൾ സ്വരൂപിക്കരുത്, മറിച്ച് സ്വർഗ്ഗത്തിൽ നമുക്കായി നിക്ഷേപങ്ങൾ സ്വരൂപിക്കണം.

**6. മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള തത്ത്വങ്ങളെ സംബന്ധിച്ച്—7:1-12**

- നാം വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്; വിധിക്കുന്ന വിധിയാൽ നാം വിധിക്കപ്പെടും.

**7. ജീവിതത്തിന്റെയും വേലയുടെയും അടിത്തറയെ സംബന്ധിച്ച്—7:13-29**

- നാം ഇടുങ്ങിയ കവാടത്തിലൂടെ കടക്കുകയും, ഞെരുക്കമുള്ള വഴിയിൽ നടക്കുകയും വേണം, നല്ല ഫലം കായ്ക്കുവാൻ നല്ല വൃക്ഷത്തോടു പറ്റിച്ചേരണം, പിതാവിന്റെ ഹിതം ചെയ്യുകയും വേണം.

**വ്യക്തിനിഷ്ഠമായ നീതി—രാജ്യജനം ജീവിച്ചു വെളിപ്പെടുത്തുന്ന ക്രിസ്തു**

ഇവിടെ നീതി എന്നത്, ക്രിസ്തുവിൽ വിശ്വസിക്കുകയും അങ്ങനെ ദൈവമുമ്പാകെ നീതീകരിക്കപ്പെടുകയും ചെയ്യുമ്പോൾ നാം പ്രാപിക്കുന്ന ക്രിസ്തു ആകുന്ന വസ്തുനിഷ്ഠ നീതിയെ മാത്രമല്ല സൂചിപ്പിക്കുന്നത് (1 കൊരി. 1:30; റോമ. 3:26); അതിലുപരി, നാം ഇന്ന് രാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുകയും, ഭാവിയിൽ അതിന്റെ പ്രത്യക്ഷതയിലേക്ക് പ്രവേശിക്കുകയും ചെയ്യേണ്ടതിന്, നമ്മുടെ നീതിയായി നമ്മിലൂടെ ജീവിച്ച് വെളിപ്പെടുന്ന, ഉൾവസിക്കുന്ന ക്രിസ്തുവായ വ്യക്തിനിഷ്ഠ നീതിയെ സൂചിപ്പിക്കുന്നു. ഈ വ്യക്തിനിഷ്ഠമായ നീതി പ്രാപിക്കുന്നത്, പഴയ പ്രമാണത്തെ മാത്രം നിറവേറ്റുന്നതിനാലല്ല, പിന്നെയോ , ഈ വേദഭാഗത്ത് പുതിയ രാജാവ് നൽകിയ സ്വർഗരാജ്യത്തിന്റെ പുതിയ പ്രമാണം നിറവേറ്റുന്നതിലൂടെ പഴയ പ്രമാണത്തെ പൂർണമാക്കുന്നതിനാലാണ്. രാജ്യത്തിന്റെ പുതിയ പ്രമാണപ്രകാരമുള്ള രാജ്യജനത്തിന്റെ ഈ നീതി, പഴയ പ്രമാണം അനുസരിച്ചുള്ള, ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നതാണ്. നമ്മുടെ സ്വാഭാവിക ജീവന് ഇത്തരം കവിയുന്ന നീതി നേടുവാൻ കഴിയുകയില്ല; ഇത് ഉന്നതമായ ഒരു ജീവന്, ക്രിസ്തുവിന്റെ പുനരുത്ഥാന ജീവന്, മാത്രം ഉളവാക്കുവാൻ കഴിയുന്നതാണ്. വിവാഹ വസ്ത്രത്തോട് താരതമ്യപ്പെടുത്തിയിരിക്കുന്ന ഈ നീതി (22:11-12), കുഞ്ഞാടിന്റെ വിവാഹത്തിൽ (വെളി. 19:7-8) പങ്കുചേരുവാനും, സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിൽ അതിനെ അവകാശമാക്കുവാനും, അതായത്, ഭാവിയിൽ സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുവാനും നമ്മെ യോഗ്യരാക്കുന്നു.

ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതി, അക്ഷരങ്ങളുടെ പഴയ പ്രമാണമനുസരിച്ച്, അവർ തങ്ങളുടെ സ്വന്തം ജീവനാൽ അനുഷ്ഠിച്ച, അക്ഷരങ്ങളുടെ നീതിയാണ്; രാജ്യജനത്തിന്റെ കവിയുന്ന നീതി, ജീവന്റെ പുതിയ പ്രമാണമനുസരിച്ച് അവർ ക്രിസ്തുവിനെ തങ്ങളുടെ ജീവനായി എടുത്തുകൊണ്ട് ജീവിച്ച് വെളിപ്പെടുത്തുന്ന, ജീവന്റെ നീതിയാണ്. സ്വഭാവത്തിലും നിലവാരത്തിലും ജീവന്റെ നീതി, ശാസ്ത്രിമാരും പരീശന്മാരും അനുഷ്ഠിച്ച നിർജീവമായ നീതിയെ കവിയുന്നു.